പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :558 | 03.03. 2020 ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് വർദ്ധന

ചോദ്യം

ശ്രീ. പി.ടി.തോമസ്

" വി.ടി.ബൽറാം

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ: എങ്കിൽ ഇത് എന്ന് മുതലാണെന്നും വർദ്ധനവ് എത്രയാണെന്നും വിശദമാക്കുമോ; | (എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 08.07.2019-ലെ താരിഫ് പരിഷ്കരണ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ (ഗാർഹിക വിഭാഗം ഉപഭോക്താക്കളുടെ ഉൾപ്പെടെ) വൈദ്യുതി ചാർജ്ജ് 08.07.2019-മുതൽ പരിഷ്കരിക്കുകയുണ്ടായി. വർദ്ധനവ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഈ വർദ്ധനവ് വഴി കെ.എസ്.ഇ.ബി.യ്ക്ക് എത്ര രൂപയുടെ വരുമാന വർദ്ധനവ് ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ; | (ബി) ഗാർഹിക വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് വർദ്ധനവ് മൂലം 2019-20 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന് 538.95 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാനുണ്ടായ സാഹചര്യമെന്തെന്ന് വിശദമാക്കുമോ? | (സി) കെ.എസ്.ഇ.ബി.ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ, വൈദ്യുതി നിയമം 2003, ദേശീയ താരിഫ് നയം -2016, 2018-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവ പ്രകാരം, പ്രതീക്ഷിത-വരവു ചെലവു കണക്കുകൾ, അംഗീകാരത്തിനായി സമർപ്പിക്കാറുണ്ട്. ഇപ്രകാരം നിജപ്പെടുത്തുന്ന വരവു ചിലവു കണക്കുകൾ, തമ്മിലുള്ള അന്തരം (കമ്മി) പൂർണ്ണമായും താരിഫ് പരിഷ്കരണത്തിലൂടെ നികത്തപ്പെടുന്നില്ല. ഇപ്രകാരം നികത്തപ്പെടാത്ത കമ്മി 2018 മാർച്ച് അവസാനമായപ്പോഴേക്കും 5693.25 കോടി രൂപയായി വർദ്ധിച്ചു ഇത് ചെറിയ ഒരളവിലെങ്കിലും നികത്തപ്പെടാതെ വന്നാൽ സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയെ തന്നെ ദോഷകരമായി ബാധിക്കും. ഇപ്രകാരം നികത്തപ്പെടാത്ത കമ്മിയുടെ ഒരു ഭാഗവും, 2018-19 സാമ്പത്തിക വർഷത്തിലും 2020-21-ലും കണക്കാക്കപ്പെട്ടിട്ടുള്ള കമ്മിയും കൂടി ചേർത്ത്, താരിഫ് ഷോക്കിനിടനൽകാത്ത ഒരു താരിഫ് പരിഷ്കരണം അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടത്.<br><br>കൂടാതെ നിലവിലുള്ള താരിഫ് പരിഷ്കരണത്തിനു മുമ്പ് (08.07.2019-നു മുമ്പ്), ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന്റെ പ്രിമൈസ്സസിൽ എത്തിക്കുന്നതിന്, ശരാശരി ചെലവ് 5.26 രൂപയായിരുന്നു. എന്നാൽ ഗാർഹിക വിഭാഗത്തിൽ നിന്നു ലഭിക്കുന്ന വരുമാനം 4.13 രൂപ മാത്രമാണ്. ഇതുമൂലം, കെ.എസ്.ഇ.ബി.ലിമിറ്റഡിന് 1200 കോടി രൂപ ഒരു സാമ്പത്തിക വർഷം (2018-19) വരുമാന നഷ്ടം ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഗാർഹികേതര വിഭാഗം |

ഉപഭോക്താക്കളുടെ താരിഫ്, മേൽ പറഞ്ഞ ശരാശരി ചെലവിനേക്കാൾ ഉയർത്തിയാണ് ഈ വരുമാന നഷ്ടം ഒരളവുവരെ പരിഹരിക്കുന്നത്.

കൂടാതെ കേന്ദ്ര സർക്കാരിന്റെ താരിഫ് പോളിസി പ്രകാരം, വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ്, ശരാശരി ചെലവിന്റെ 20% -ത്തിൽ കുറയുവാനും, 20% -ത്തിൽ കൂടുവാനും പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി നിർദ്ദേശം നടപ്പിലാക്കാനും, പ്രതിവർഷം ഉണ്ടാകുന്ന പൊതു വില വർദ്ധനവ് പരിഗണിച്ചുമാണ് താരിഫ് പരിഷ്കരണം നടപ്പിലാക്കുന്നത്.

ഇതിനു പുറമേ, കമ്മീഷൻ, വൈദ്യുതി നിരക്കുകൾ പുതുക്കുമ്പോൾ, വൈദ്യുതിയുടെ ഉൽപാദന-വാങ്ങൽ ചെലവുകൾ (Generation & Power Purchase Cost), പ്രവർത്തന പരിപാലന ചെലവുകൾ (Operation and Maintenance Cost), സാമ്പത്തിക പലിശ ചെലവുകൾ (Interest & Finance charges), മൂലധന ഓഹരിയുടെ മടക്ക വിഹിതം (Return on Equity) തുടങ്ങിയ മൊത്തം ചെലവുകളും (Aggregate Revenue Requirement) നിലവിലുള്ള മൊത്തം വരുമാനവും (Revenue from charges) തമ്മിലുള്ള അന്തരം കൂടി പരിഗണിച്ചാണ്.

കൂടാതെ വലിയ മുടക്കുമുതൽ ആവശ്യമായിട്ടുള്ള പുനഃനവീകരണീയ സ്രോതസ്സുകളുടെ വികസനം, ഗുണനിലവാരമുള്ള വൈദ്യുതി ഇടതടവില്ലാതെ നൽകുന്നതിന് പ്രസരണ-വിതരണ ശൃംഖലകളുടെ വികസനം,ദ്യുതി, ട്രാൻസ്ഗ്രിഡ് പദ്ധതികൾ എന്നിവ കൂടി കണക്കിലെടുത്താണ് ചാർജ് വർദ്ധനവ് ശുപാർശ ചെയ്തിട്ടുള്ളത്. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ മാത്രമാണ് കുറഞ്ഞ അളവിലെങ്കിലും താരിഫ് വർദ്ധനവ് അനിവാര്യമായി തീർന്നത്.

സെക്ഷൻ ഓഫീസർ

[redacted]

അനുബന്ധം

**എൽ.ടി I ഗാർഹികം**

**ഫിക്സഡ് ചാർജ്ജ് & എനർജി ചാർജ്ജ്**

| ദ്വൈമാസ ഉപഭോഗം (യൂണിറ്റിൽ) | ഫിക്സഡ് ചാർജ്ജ് * (രണ്ടു മാസത്തേക്ക്) (രൂപ /കണക്ഷൻ) | | എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്) | |
|---|---|---|---|---|
| | സിംഗിൾ ഫേസ് | ത്രീ ഫേസ് | | |
| ഫിക്സഡ് ചാർജ്ജ് (വർദ്ധനവിനു മുമ്പ്) | 60 | 160 | (വർദ്ധനവിനു മുമ്പ്) | (വർദ്ധനവിനു ശേഷം) |
| 0-80** | ഇല്ല | - | 1.50 | 1.50 |
| 0-100 | 70 | 180 | 2.90 | 3.15 |
| 101-200 | 90 | 180 | 3.40 | 3.70 |
| 201-300 | 110 | 200 | 4.50 | 4.80 |
| 301-400 | 140 | 200 | 6.10 | 6.40 |
| 401-500 | 160 | 200 | 7.30 | 7.60 |
| 501 മുതൽ 600 വരെ | 200 | 220 | 5.50 (മുഴുവൻ യൂണിറ്റിനും) | 5.80 (മുഴുവൻ യൂണിറ്റിനും) |
| 601 മുതൽ 700 വരെ | 220 | 220 | 6.20 (മുഴുവൻ യൂണിറ്റിനും) | 6.60 (മുഴുവൻ യൂണിറ്റിനും) |
| 701 മുതൽ 800 വരെ | 240 | 240 | 6.50 (മുഴുവൻ യൂണിറ്റിനും) | 6.90 (മുഴുവൻ യൂണിറ്റിനും) |
| 801 മുതൽ 1000 വരെ | 260 | 260 | 6.70 (മുഴുവൻ യൂണിറ്റിനും) | 7.10 (മുഴുവൻ യൂണിറ്റിനും) |
| 1000 യൂണിറ്റിനു മുകളിൽ | 300 | 300 | 7.50 (മുഴുവൻ യൂണിറ്റിനും) | 7.90 (മുഴുവൻ യൂണിറ്റിനും) |

* വർദ്ധനവിനു മുമ്പ് ദ്വൈമാസ ഫിക്സഡ് ചാർജ്ജ് സിംഗിൾ ഫേസ് ഉപഭോക്താക്കൾക്ക് 60 രൂപയും സിംഗിൾ ഫേസ് ഉപഭോക്താക്കൾക്ക് 160 രൂപയും ആയിരുന്നു.

* ദ്വൈമാസം 80 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന, 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഉപഭോക്താക്കൾക്ക് 1 രൂപ 50 പൈസ നിരക്കിൽ വൈദ്യുതി നൽകുന്നു

കുറിപ്പ്:1.ദ്വൈമാസം 80 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന, 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെ ഫിക്സഡ് ചാർജ്ജിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

2. 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഗാർഹിക ഉപഭോക്താക്കളുടെ കുടുംബത്തിലെ ഏതെങ്കിലുമൊരു അംഗം കാൻസർ ബാധിതനോ, അപകടം മുഖേനയോ പോളിയോ മുഖേനയോ സ്ഥിരമായി അംഗവൈകല്യം സംഭവിച്ചയാളോ ആണെങ്കിൽ പ്രതിമാസം 100 യൂണിറ്റ് വരെയുള്ള ഉപഭോഗം 1 രൂപ 50 പൈസ നിരക്കിൽ വൈദ്യുതി നൽകുന്നു

3.കാസർഗോഡ്, ഹോസ്ദുർഗ് താലൂക്കുകളിലെ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ആദ്യത്തെ 150 യൂണിറ്റിന് (പ്രതിമാസം) 1.50 രൂപ നിരക്കിൽ വൈദ്യുതി നൽകുന്നു

4. രണ്ടു മാസത്തേക്ക് 240 യൂണിറ്റുവരെ ഉപഭോഗമുള്ള സിംഗിൾ ഫേസ് ഉപഭോക്താക്കൾക്ക് ഫിക്സഡ് ചാർജ്ജ് ഇനത്തിൽ 40 രൂപ ഗവൺമെൻറ് സബ്സിഡി നൽകുന്നു.

5. രണ്ടു മാസത്തേക്ക് 240 യൂണിറ്റുവരെ ഉപഭോഗമുള്ള ഉപഭോക്താക്കൾക്ക് എനർജി ചാർജ്ജ് ഇനത്തിൽ ആദ്യത്തെ 80 യൂണിറ്റിന് 35 പൈസയും തുടർന്നുള്ള ഓരോ യൂണിറ്റിനും 50 പൈസ നിരക്കിൽ ഗവൺമെൻറ് സബ്സിഡി നൽകുന്നു.